# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 6043 09.07.2013 - ലെ മറുപടിക്ക്

**ഭാഷാ ന്യൂനപക്ഷ മേഖലയിൽ പി.എസ്.സി. മുഖേന ജോലി നേടുന്നവരുടെ മലയാള ഭാഷാ പരിജ്ഞാനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | ശ്രീ. ഉമ്മൻചാണ്ടി<br>ബഹു. മുഖ്യമന്ത്രി |
| (എ) സംസ്ഥാനത്ത് ഭാഷാന്യൂനപക്ഷ മേഖലയിൽ പി.എസ്.സി. മുഖേന ജോലി നേടുന്നവർ മലയാള ഭാഷാ പരിജ്ഞാനം എത്ര വർഷത്തിനുള്ളിൽ നേടണമെന്നാണ് സർവ്വീസ് ചട്ടങ്ങളിൽ ഉള്ളതെന്ന് അറിയിക്കാമോ; | (എ) കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് ഭാഗം II - ലെ ചട്ടം 10 (aaaa) പ്രകാരം, ഭാഷാന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥൻ സർവ്വീസിൽ പ്രവേശിക്കുന്ന തീയതി മുതൽ പരമാവധി 10 വർഷത്തിനുള്ളിൽ മലയാള ഭാഷാ പരീക്ഷ പാസാകേണ്ടതാണ്. |
| (ബി) ഈ ചട്ടങ്ങളിൽ നിലവിൽ എന്തെങ്കിലും ഭേദഗതി വരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) ഇല്ല |
| (സി) കാസർഗോഡ് ജില്ലയിൽ അടുത്ത കാലത്ത് പി.എസ്.സി. നടത്തിയ പരീക്ഷാ ചോദ്യാവലിയിൽ തന്നെ മലയാള ഭാഷാ പരിജ്ഞാനം തെളിയിക്കുന്നതിനുള്ള ചോദ്യങ്ങൾ ഉൾപ്പെടുത്തിയ നടപടി സംസ്ഥാനത്ത് ഭാഷാ ന്യൂനപക്ഷ വിഭാഗക്കാർ വർഷങ്ങളായി അനുഭവിച്ചു വരുന്ന അവകാശങ്ങളിലുള്ള ലംഘനമാണെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ? | (സി) പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ